# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എറിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ (പി3)2133/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 13/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ (പി3)2133/2022 തീയ്യതി: 13/03/2023

## തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2021 മുതൽ 15-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 05-12-2022 | 14-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-12-2022 | 14-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ. പി രാജൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കൊച്ചുത്രേസ്യ ഇ. കെ | അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 01-04-2021 | 06-04-2021 |
| സാബു ജോർജ്ജ് | സെക്രട്ടറി | 07-04-2021 | 28-06-2021 |
| കൊച്ചുത്രേസ്യ ഇ. കെ | അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 29-06-2021 | 08-07-2021 |
| താജു പി. എ | സെക്രട്ടറി | 09-07-2021 | 23-09-2021 |
| കൊച്ചുത്രേസ്യ ഇ. കെ | അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 24-09-2021 | 29-09-2021 |
| നിനിത ആർ. എച്ച് | സെക്രട്ടറി | 30-09-2021 | 31-03-2022 |
| കൊച്ചുത്രേസ്യ ഇ. കെ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| സൈറാബാനു | കൃഷി ഓഫീസർ | 01-04-2021 | 13-10-2021 |
| ഭാനുശാലിനി എസ് | കൃഷി ഓഫീസർ | 13-10-2021 | 30-10-2021 |
| അഞ്ചു പി ബി | കൃഷി ഓഫീസർ | 30-10-2021 | 31-03-2022 |
| അനു ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| കവിത എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സിജി ടി എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| പി. എ നൗഷാദ് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ. മിഥു കെ തമ്പി | മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി | 01-04-2021 | 31-03-2022 |
| ചിപ്പി ഖാദർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ആർ സജി പി എ | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പെൻസറി) | 01-04-2021 | 12-10-2021 |
| ഡോ. റീന മാത്യു | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പൻസറി) | 13-10-2021 | 31-03-2022 |
| ഡോ. ഭുവനേശ്വരി | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി.) | | |
| സിനി കെ. എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ലാലി കെ.എസ് | വി ഇ ഒ (മടവന സർക്കിൾ) | 01-04-2021 | 31-03-2022 |
| സഹല വി | വി ഇ ഒ (ലൈറ്റ് ഹൗസ് സർക്കിൾ) | 01-04-2021 | 31-03-2022 |
| സഹല വി | വി ഇ ഒ (അഴിക്കോട് സർക്കിൾ) | 01-04-2021 | 15-10-2021 |
| ഗീത പി ആർ | വി ഇ ഒ (അഴീക്കോട് സർക്കിൾ) | 16-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10 |
| 11 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-10-1 |
| 12 | വസ്തു നികുതി - റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല . | 1-10-4 |
| 15 | മുൻകൂർ തുക പൊരുത്തമില്ല. | 1-10-5 |
| 16 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-6 |
| 17 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-10-7 |
| 18 | വാടക ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തി | 1-10-8 |
| 19 | വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 1-10-9 |
| 20 | മുൻകൂർ വരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 1-10-10 |
| 21 | പ്രൊവിഷൻ - കടിശ്ശികയേക്കാൾ അധികം രേഖപ്പെടുത്തി. | 1-10-11 |
| 22 | പ്രൊവിഷൻ-വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല. | 1-10-12 |
| 23 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-13 |
| 24 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-14 |
| 25 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-10-15 |
| 26 | തൊഴിലുറപ്പ്പദ്ധതിയുടെ ക്യാഷ്ബുക്ക് വാർഷികകണക്ക് പൊരുത്തമില്ല. | 1-10-16 |

| | | |
|---|---|---|
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടാത്തത് | 1-10-17 |
| 28 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല. | 1-10-18 |
| 29 | മുൻക്കൂർ രജിസ്റ്ററിലെ അപാകതകൾ | 1-10-19 |
| 30 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-20 |
| 31 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-21 |
| 32 | മുൻക്കൂർ രേഖപ്പെടുത്തിയതിലെ അപാകതകൾ | 1-10-22 |
| 33 | "Liability In Respect Of Stale Cheque" ബാധ്യത ശീർഷകത്തിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. | 1-10-23 |
| 34 | രസീതി പരിശോധന അപാകതകൾ | 1-11 |
| 35 | തൊഴിൽനികുതി -അപാകതകൾ | 1-12 |
| 36 | പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-13 |
| 37 | ലേലം - തുടർനപടികൾ അറിയിക്കേണ്ടതാണ് | 1-14 |
| 38 | മണൽ ശുദ്ധീകരണം- കരാറുകാരിൽനിന്നും തുക ഈടാക്കിയ വിവരം ലഭ്യമായില്ല | 1-15 |
| 39 | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിലെ അപാകതകൾ | 1-16 |
| 40 | അനധികൃത കെട്ടിട നിർമ്മാണം -തുടർ നടപടി വിവരം ലഭ്യമാക്കിയില്ല. | 1-17 |
| 41 | ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല. | 1-18 |
| 42 | ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ്‌സിപി വിഹിതം കുറവ് ചെയ്യുന്നു | 1-19 |
| 43 | ആശുപത്രി മാനേജിങ്ങ് കമ്മറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല. | 1-20 |
| 44 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം. | 1-21 |
| 45 | ഉത്സവ ബത്ത തിരികെ ഈടാക്കിയിട്ടില്ല. | 1-22 |
| 46 | ഇലക്ട്രിക്കൽ വർക്കിന് എസ്റ്റിമേറ്റ് പ്രിപ്പറേഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയ്ക്ക് | 1-23 |
| 47 | വീട് വാസയോഗ്യമാക്കൽ-പണി പൂർത്തിയാക്കി വാല്യുവേഷൻ സമർപ്പിക്കേണ്ടതാണ് | 1-24 |
| 48 | പദ്ധതി നം-277/22, ഘടകസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1-25 |
| 49 | സുഭിക്ഷ കേരളം-പച്ചക്കറി കൃഷി വികസന പദ്ധതി- 893540/-തടസ്സപ്പെടുത്തുന്നു | 1-26 |
| 50 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-27 |

| | | |
|---|---|---|
| 51 | തൊഴിലുറപ്പ് പദ്ധതി-കാരി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകി. | 1-28 |
| 52 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്. | 1-29 |
| 53 | വിവിധ പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് അസി.എഞ്ചിനീയർ ലേലനടപടിക്ക് ശുപാർശ ചെയ്തു-ലേലം നടത്തിയിട്ടില്ല | 1-30 |
| 54 | പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.02.2021, തീരുമാനം നം.1[1] | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 467409928 | 464988570 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 19.03.2022, തീരുമാനം നം. 1[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 381049143 | 377817688 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 31-05-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29431655.00 |
| വരവ് | 175552273.00 |
| ആകെ | 204983928.00 |
| ചെലവ് | 174922498.00 |
| നീക്കിയിരിപ്പ് | 30061430.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 31264334 | 31264334 | 30697107 | 567227 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7883680 | 7883680 | 7516666 | 367014 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 16100 | 16100 | 0 | 16100 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 22237500 | 22237500 | 20039848 | 2197652 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10182089 | 10182089 | 8877572 | 1304517 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)Tied | 0 | 16657538 | 16657538 | 10858917 | 5798621 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Untied | 0 | 9485062 | 9485062 | 7915594 | 1569468 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 248 | 187143206 | 205 | 124950878 | 32 | 11 | 82.66% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 955402 | 955402 | 945458 | 9944 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 43699872 | 43699872 | 43699872 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 5524000 | 327 |
| വിധവാ പെൻഷൻ | 31025200 | 2117 |
| വാർദ്ധക്യകാല പെൻഷൻ | 51270400 | 3596 |
| വികലാംഗ പെൻഷൻ | 10354400 | 697 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1129200 | 71 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-12-2022 തീയതിയിൽ 3:40 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46541/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിന്റെ വിവിധ ഖണ്ഡികകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷംറെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3594932 | 3549496 | 30100 | 38864 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3594932 | 3545967 | 25670 | *38864 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(40847 /105X100)=38901 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് )

## 1-10-1 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3404137 | 3213728 | 34882 | 160693 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3404137 | 3211519 | 4274 | *160693 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 168754 /105X100)=160718 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് )

## 1-10-2 വസ്തു നികുതി - റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 718436 | 649054 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *760138 | 649054 | **72492 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (614181+183964=798145/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (76117/105X100)=72492 |

1.ഡിമാന്റ്, കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് )

## 1-10-3 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 573780 | 454849 | 119173 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 563174 | 271700 | 119173 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(436787+154546=591333/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **( 125217 /105X100)=119254, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് )

## 1-10-4 ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല .

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 398263 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 402097 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച്

409128രൂപയാണ്. (വൗച്ചർ തീ.42100234/1.6.21, 42100235/1.6.15 & 42100237/31.3.22 (1002 + 5316 + 180534 + 33201 + 161621 + 22898 + 4547 = 409128))

### 1-10-5 മുൻകൂർ തുക പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 24557 | 23957 |

### 1-10-6 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-7 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 42100244 | 31.3.22 | 5,184.00 |

## 1-10-8 വാടക ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തി

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 54177 | 1.4.2021 | 42100391 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻടികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-9 വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3വാടക ഡിമാന്റ് രജിസ്റ്റർ

4ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-10 മുൻകൂർ വരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 128600 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive | 74900 |

| | | | |
|---|---|---|---|
| | | Trades | |
| 3 | Other User Charges | 350410299 Advance Collection Of Revenues-Other User Charges. | 4395 |

## 1-10-11 പ്രൊവിഷൻ - കടിശ്ശികയേക്കാൾ അധികം രേഖപ്പെടുത്തി.

ഷെഡ്യൾ ബി-15 പ്രകാരം, വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശികത്തുക ബി 15 പ്രകാരം 410935 രൂപയാണ്. എന്നാൽ കുടിശ്ശികത്തുകയേക്കാൾ അധികമായി, 492180 രൂപ പ്രൊവിഷൻ രേഖപ്പെടുത്തി കാണുന്നു.

## 1-10-12 പ്രൊവിഷൻ-വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2022 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | ശീർഷകം | 2021-22 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2022 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100104-Provision For Doubtful Receivable-property Tax | ഇല്ല | (492180) |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-13 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 40934 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 3271 |
| 280200401-Prior Period Income-Other Income | 405 |
| 280800101-Prior Period-Revenue Grants And Conibutions | (2338235) |
| 280800501-Prior Period- | (243894) |

| Miscellaneous Expenses | |
|---|---|

## 1-10-14 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-15 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-16 തൊഴിലുറപ്പ്പദ്ധതിയുടെ ക്യാഷ്ബുക്ക് വാർഷികകണക്ക് പൊരുത്തമില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയതിൽ 6649രൂ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10-17 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടാത്തത്

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 31/3/2022 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 31/3/2022ലെ നീക്കിയിരിപ്പ് |
|---|---|
| BIDDERS EARNEST MONEY DEPOSIT-32150 | 27650 |

## 1-10-18 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450650109 | ട്രഷറി സ്പെഷ്യൽ ട്എസ് ബി | 16990 |

## 1-10-19 മുൻകൂർ രജിസ്റ്ററിലെ അപാകതകൾ

1 മുൻകൂർ രേഖപ്പെടുത്തിയില്ല.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 277-ഘടക സ്ഥാപനങ്ങളിലേക്ക് സൗരോർജ്ജ പ്ളാന്റ് സ്ഥാപിക്കൽ | 22101747/26.3.22 | 495000 | 250500301-solar Power Generation General | 460500399-Advance To Implementing Agencies- |
| 2 | 101-ജലജീവൻ മിഷൻ വിഹിതം നൽകൽ | 22101433/13.10 .2021 | 1000185.00 | 412010101-capital Work In Progress | 460500201- Advance To Water Authority |
| 3. | 104 -കണ്ടിജൻസി ചെലവുകൾ | | 395000 | | 460500501- Advance To Implementing Officers |

2.മുൻകൂർ തെറ്റായി രേഖപ്പെടുത്തി.

A)പി ഡബ്ലിയുഡി ഡെപ്പോസിറ്റ് ആയി ബി18 ൽ കാണിച്ചിരിക്കുന്ന 1434657 രൂപയിൽ 982517 രൂപക്ക് ധന വിനിയോഗ സാക്ഷ്യപത്രം 2019-20 ൽ ലഭിച്ചിട്ടുള്ളതാണ്. കൂടാതെ ഹൈമാസ്റ്റ് ലൈറ്റ് എഎംസി, കുടുംബശ്രീ ക്യാന്റീൻ ഇലക്ട്രിഫിക്കേഷന്റെ എസ്റ്റിമേറ്റ് ചാർജ്ജ് എന്നിവ ബി18 ൽ കാണിച്ചിട്ടുണ്ട്. ആയവ മുൻകൂർ ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നതിനാൽ 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

B)വാട്ടർ അതോറിറ്റിയിൽ മുൻകൂർ ആയി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ കൊടക്കുന്ന തുകകൾക്ക് 31.3.2022 ന് മുമ്പ് തന്നെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ മുൻകൂറിൽ നിന്ന് പ്രസ്തുത തുകകൾ മാറ്റിയിട്ടില്ല. 2022-23 വർഷത്തിൽ മേൽ തുക മുൻകൂറിൽ നിന്ന് മാറ്റി ക്രമീകരിക്കേണ്ടാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | പദ്ധതിയുടെ പേര് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 41600306/31.3.2017 | പൈപ്പ് ലൈൻ നീട്ടൽ | 210000 | 162173 രൂപ ചെലവഴിച്ച് ബാലൻസ് തുക 063480/17.1.2018 ചെക്ക് പ്രകാരം പഞ്ചായത്തിന് തിരികെ നൽകിയിട്ടുള്ളതാണ്. |
| 2 | 42100259/31.3.22 | സബ്സെന്ററുകളിലേക്ക് വാട്ടർ കണക്ഷൻ | 36000 | എ4-69/21/5.10.21 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു.ചെക്ക് നമ്പർ 196171/12.3.22 പ്രകാരം ബാലൻസ് തുക ലഭിച്ചു. |
| 3. | 42100260/31.3.22 | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 340000 | 292841രൂപക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. ചെക്ക് നമ്പർ 196171/12.3.22 പ്രകാരം ബാലൻസ് തുക ലഭിച്ചു |

## 1-10-20 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്

ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 629775രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13459423രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-22 മുൻകൂർ രേഖപ്പെടുത്തിയതിലെ അപാകതകൾ

1.മുൻകൂർ രേഖപ്പെടുത്തിയില്ല.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 277-ഘടക സ്ഥാപനങ്ങളിലേക്ക് സൗരോർജ്ജ പ്ളാന്റ് സ്ഥാപിക്കൽ | 22101747/26.3.22 | 495000 | 250500301-solar Power Generation General | 460500399-Advance To Implementing Agencies- |
| 2 | 101-ജലജീവൻ മിഷൻ വിഹിതം നൽകൽ | 22101433/13.10.2021 | 1000185.00 | 412010101-capital Work In Progress | 460500201- Advance To Water Authority |

പദ്ധതി നമ്പർ 104 ആയി കണ്ടിജൻസി ചെലവുകൾക്കായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയ 395000 രൂപക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ മുൻവർഷത്തെ ബാലൻസ് ആയ 66096 രൂ മാത്രമാണ് 460500501- Advance To Implementing Officers എന്ന് ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2.മുൻകൂർ തെറ്റായി രേഖപ്പെടുത്തി.

A)പി ഡബ്ലിയുഡി ഡെപ്പോസിറ്റ് ആയി ബി18 ൽ കാണിച്ചിരിക്കുന്ന 1434657 രൂപയിൽ 982517 രൂപക്ക് ധന വിനിയോഗ സാക്ഷ്യപത്രം 2019-20 ൽ ലഭിച്ചിട്ടുള്ളതാണ്. കൂടാതെ ഹൈമാസ്റ്റ് ലൈറ്റ് എഎംസി,കുടുംബശ്രീ ക്യാന്റീൻ ഇലക്ട്രിഫിക്കേഷന്റെ എസ്റ്റിമേറ്റ് ചാർജ്ജ് എന്നിവ ബി18 ൽ കാണിച്ചിട്ടുണ്ട്. ആയവ മുൻകൂർ ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നതിനാൽ 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

B)വാട്ടർ അതോറിറ്റിയിൽ മുൻകൂർ ആയി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ കൊടക്കുന്ന തുകകൾക്ക് 31.3.2022 ന് മുമ്പ് തന്നെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ മുൻകൂറിൽ നിന്ന് പ്രസ്തുത തുകകൾ മാറ്റിയിട്ടില്ല. 2022-23 വർഷത്തിൽ മേൽ തുക മുൻകൂറിൽ നിന്ന് മാറ്റി ക്രമീകരിക്കേണ്ടാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | പദ്ധതിയുടെ പേര് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 41600306/31.3.2017 | പൈപ്പ് ലൈൻ നീട്ടൽ | 210000 | 162173 രൂപ ചെലവഴിച്ച് ബാലൻസ് തുക |

| | | | | |
|---|---|---|---|---|
| | | | | 063480/17.1.2018 ചെക്ക് പ്രകാരം പഞ്ചായത്തിന് തിരികെ നൽകിയിട്ടുള്ളതാണ്. |
| 2 | 42100259/31.3.22 | സബ്സെന്ററുകളിലേക്ക് വാട്ടർ കണക്ഷൻ | 36000 | എ4-69/21/5.10.21 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു.ചെക്ക് നമ്പർ 196171/12.3.22 പ്രകാരം ബാലൻസ് തുക ലഭിച്ചു. |
| 3. | 42100260/31.3.22 | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 340000 | 292841രൂപക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. .ചെക്ക് നമ്പർ 196171/12.3.22 പ്രകാരം ബാലൻസ് തുക ലഭിച്ചു |

## 1-10-23 "Liability In Respect Of Stale Cheque" ബാധ്യത ശീർഷകത്തിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 018613 | 7.12.21 | 75532 |
| 017126 | 1.11.21 | 256 |
| 014320 | 22.2.21 | 1000 |

## 1-11 രസീതി പരിശോധന അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയ രസീതി ബുക്ക് നമ്പർ 4365ൽ 15മുതൽ 34 വരെയുള്ള രസീതികളിലായി Sale Of Tender Form എന്ന ഇനത്തിൽ ജി.എസ്.ടി ഉൾപ്പെടെ 29108/- ഈടാക്കിയിട്ടുണ്ട്. ടി തുക Sale Of Tender Form എന്ന ശീർഷകത്തിലാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ജി.എസ്.ടി ഇനത്തിലുള്ള തുക വേർതിരിച്ച് നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 8/12.12.2022) മറുപടി ലഭ്യമായില്ല. ജി.എസ്.ടി ഇനത്തിലുള്ള തുക നിശ്ചിത ശീർഷകത്തിലേക്ക് മാറ്റേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽനികുതി -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)2021-22 സാമ്പത്തികവർഷത്തിൽ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തുകയും ചില അപേക്ഷകളിൽ തൊഴിലാളികളുടെ എണ്ണം

രേഖപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|
| KFM ഹൈപ്പർ മാർക്കറ്റ് | 5 |
| അമൃത കോക്കനട്ട് പ്രോഡക്ട്സ് | 14 |
| അഫ്ക്കോ ഹൈപ്പർ മാർട്ട് | 6 |
| അറഫ സൂപ്പർ മാർക്കറ്റ് | 3 |
| SKB സൂപ്പർ മാർക്കറ്റ് | എണ്ണം രേഖപ്പെടുത്തിയിട്ടില്ല |
| അമൽ സൂപ്പർ മാർക്കറ്റ് | എണ്ണം രേഖപ്പെടുത്തിയിട്ടില്ല |

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

1.അഭിലാഷ് ഫ്യൂവൽസ് (1-ാം അർദ്ധവർഷം)
2.യൂണിവേഴ്സൽ പൈപ്പ്സ് (1 &2 അർദ്ധവർഷം)
3.കൊടുങ്ങല്ലൂർ ടൗൺ കോപ്പറേറ്റീവ് ബാങ്ക് (1-ാം അർദ്ധവർഷം)
4.മാവേലി സ്റ്റോർ, അഴീക്കോട് (2-ാം അർദ്ധവർഷം)
5.ശ്രീകൃഷ്ണ ഭാരത് ഗ്യാസ് ഏജൻസി (1&2അർദ്ധവർഷം)

മേൽ സൂചിപ്പിച്ചവയിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ (സ്ഥാപനം/തൊഴിലാളികൾ) ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:19, തീയതി :12/12/2022) മറുപടി ലഭ്യമായില്ല.

2)2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ.10/12.12.2022).

1. ആഷിക്ക് .കെ. എം
2. അബ്ദുൾ ജലീൽ .സി. എ
3. നന്ദകുമാർ .ടി
4.സിജിൽകുമാർ
5.സദാനന്ദൻ . എൻ. പി
6.ശ്രീജിത്ത്. കെ. പി
7.സിയാദ് .പി. കെ
8.റഫീക്ക്. വി.എച്ച്.
9.ദിൽഷാദ്. പി. എ
10.സാബിക്. വി. എ
11.ആഷിഫ്. കെ. എ
12.അബ്ദുൾ ജബ്ബാർ. വി. എം
13. ലെൻസൺ എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്
14.ജോസഫ്. കെ.പി
15.അസ്ഹർ കെ. എ

3)പഞ്ചായത്ത് പരിധിയിൽ തുറമുഖവകുപ്പിന്റെ കീഴിലുള്ള തുറമുഖത്തിൽ നിന്നും പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾ വാരിക്കൊണ്ടുവരുന്ന മണൽ മാർത്തോമകടവ്, കപ്പൽ ബസാർ കടവ്, ചുങ്കം കടവ് എന്നിവിടങ്ങളിൽവച്ച് ശുദ്ധീകരിക്കുന്ന പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ.21/13.12.2022).

തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ കെട്ടിട നം. 23/19, 23/20, 23/21, 23/25 മുതൽ 23/30എ വരെ

എന്നിവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ ലൈസൻസ് വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:19, തീയതി :12/12/2022) മറുപടി ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 ലേലം - തുടർനപടികൾ അറിയിക്കേണ്ടതാണ്

1.ഹെൽത്ത് സെന്റർ മിൽക്ക് സൊസൈറ്റി റോഡ് കാന നിർമ്മാണവുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത 37.5എം$^3$ കരിങ്കല്ല് പുനർലേലം നടത്തുന്നതിന് തീരുമാനിച്ചതിന്റെ( 10/2/22 ലെ 3/1 നമ്പർ തീരുമാനം) തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന മറുപടി ലഭ്യമായിട്ടുണ്ട്. പുനർലേലം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ:22, തീയതി :13/12/2022)

2.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചുങ്കം, കപ്പൽ ബസാർ, മാർത്തോമ മണൽ കടവുകളിൽ മണൽ ശുദ്ധീകരണത്തിന് ശേഷം ബാക്കി വരുന്ന കക്ക, ചെളി എന്നിവയടങ്ങിയ വേസ്റ്റ് അസിസ്റ്റന്റ് എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തിയത് യോഗം പരിശോധിക്കുകയും വേസ്റ്റ് അടുത്ത ദിവസം ലേലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് (24/1/2022 ലെ അജണ്ട: 4, തീരുമാനം നമ്പർ :1). ആയതിന്റെ തുടർ നടപടികൾആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. ലേലവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ:27, തീയതി :14/12/2022) .

## 1-15 മണൽ ശുദ്ധീകരണം- കരാറുകാരിൽനിന്നും തുക ഈടാക്കിയ വിവരം ലഭ്യമായില്ല

ചുങ്കം കടവിലെ വേസ്റ്റ് മണൽ ലേലം ചെയ്യുന്നതിന് വേണ്ടി നടത്തിയ പരിശോധനയിൽ വേസ്റ്റ് മണൽ അനധികൃതമായി നീക്കം ചെയ്തിട്ടുണ്ടെന്ന് പരിസരവാസികൾ സെക്രട്ടറിയെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മറ്റ് കടവുകളിൽ ആനുപാതികമായി വരുന്ന വേസ്റ്റ് മണൽ ചുങ്കം കടവിനുകൂടി ഉണ്ടാകുമെന്ന് അനുമാനിച്ച് 70എം$^3$ വേസ്റ്റ് മണലിന്റെ തുക ജനുവരി മാസം പോർട്ട് ഓഫീസിൽ നിന്നും ചുങ്കംകടവിന് അനുവദിക്കുന്ന മണൽ ശുദ്ധീകരണ തുകയിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. (24/1/22 ലെ അജണ്ട : 4, തീരുമാനം നമ്പർ :2) ആയതിന്റെ തുടർ നടപടിവിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. തുക ഈടാക്കിയ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ:27, തീയതി :14/12/2022) .

## 1-16 അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിലെ അപാകതകൾ

1)സഞ്ചയയിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 12 ാം വാർഡിൽ അനധികൃത നിർമ്മാണമായി രേഖപ്പെടുത്തിയ UA 80c/2017 എന്ന കെട്ടിടം പ്രസിഡന്റ്, ഈഴവ സേവാ സമിതി, അഴീക്കോട് എന്ന വ്യക്തിയുടെ പേരിലുള്ളതാണ്. പ്രസ്തുത കെട്ടിടം "പാർപ്പിടം" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. വാർഡ് ക്ളർക്ക് റിപ്പോർട്ട് ചെയ്തതു പ്രകാരം പ്രസ്തുത കെട്ടിടം ഓഫീസായാണ് പ്രവർത്തിക്കുന്നത്. തെറ്റായ രേഖപ്പെടുത്തൽ വരുത്തി നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/14.12.2022) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തെ "ഓഫീസ്" എന്ന് വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി പുനർ നിശ്ചയിക്കേണ്ടതും അധികമായി വരുന്ന നികുതി ഈടാക്കേണ്ടതുമാണ്.

2) സഞ്ചയയിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 12 ാം വാർഡിൽ അനധികൃത നിർമ്മാണമായി രേഖപ്പെടുത്തിയ UA 469A എന്ന കെട്ടിടത്തിന്റെ നികുതി 0 ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന് നികുതി ഈടാക്കിയതായും രേഖപ്പെടുത്തൽ സഞ്ചയയിൽ ഇല്ല. സഞ്ചയയിലെ അനധികൃത കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിലെ എണ്ണവും തമ്മിൽ പൊരുത്തവുമില്ല. ഈ അപകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (നമ്പർ-26/14.12.22) മേൽ അപാകതകൾക്കുള്ള മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 അനധികൃത കെട്ടിട നിർമ്മാണം -തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.

പഞ്ചായത്ത് കമ്മറ്റിയുടെ 22.2.22 ലെ തീരുമാനം 7 അജണ്ട 14 ൽ അഴീക്കോട് വില്ലേജ് 205/1 സർവ്വെയിലെ പുറമ്പോക്ക് ഭൂമിയിൽ സീതി സാഹിബ് മെമ്മോറിയൽ ട്രസ്റ്റ് അനധികൃത കെട്ടിട നിർമ്മാണം പഞ്ചായത്ത് നേരിട്ട് പൊളിച്ചു മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-28/14.12.22) മറുപടി ലഭ്യമാക്കിയില്ല.ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല.

ഫയൽ നമ്പർ-എ3-1768/22

ഡോ.ജസീന, ചെമ്പരത്ത്, വാർഡ് 14 എന്ന വ്യക്തിയുടെ പേരിലുള്ള വ്യവസായ കെട്ടിടത്തിന്റെ (194.89 എം2) റഗുലറൈസേഷനായി ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല എന്ന് കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-24/13.12.22) മറുപടി ലഭ്യമാക്കിയില്ല. 194.89*10*2= 3898 രൂ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-19 ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ്‌സിപി വിഹിതം കുറവ് ചെയ്യുന്ന

പദ്ധതി നമ്പർ 242,269 എന്നിവ പ്രകാരം 154000രൂപ വികസനഫണ്ട് (എസ് സി പി) വിഹിതത്തിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവിലേക്ക് കുറവ് ചെയ്തിരിക്കുന്നു. എന്നാൽ എസ് സി വിഭാഗത്തിന് ലൈഫ് പദ്ധതി നടപ്പാക്കുന്നതിന് വായ്പ വിഹിതം ഉപയോഗിച്ചിട്ടില്ലാത്തതാണ്. ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിന് എസ്‌സിപി വിഹിതം കുറവ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 5 തീ 8/12/22)

## 1-20 ആശുപത്രി മാനേജിങ്ങ് കമ്മറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഗവ.ആയുർവേദ ആശുപത്രി,ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലെ ആശുപത്രി മാനേജിങ്ങ് കമ്മറ്റി കണക്കുകൾ 2019-20 വർഷത്തെ വരെ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ തുടർന്നുള്ള വർഷങ്ങളിലെ കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം.

എറിയാട് ഗ്രാമപഞ്ചായത്തിലെ, സാമൂഹ്യ സുരക്ഷാപെൻഷൻ ഫയൽ പരിശോധനയിൽ, സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഏതാണ്ട് ഒരു വർഷത്തോളം, ഈ ഗുണഭോക്താവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ നിൽക്കുന്നതായും, ടിയാളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരിച്ച ഗുണഭോക്താക്കൾക്ക് എറിയാട് ഗ്രാമപഞ്ചായത്തിൽ നിന്നും, മരണ സർട്ടിഫിക്കറ്റ്, മരണം നടന്ന് അധികം താമസിയാതെ തന്നെ നൽകിയിട്ടുണ്ട് എങ്കിലും, പെൻഷൻ ഡാറ്റാബേസിൽ നിന്നും ഗുണഭോക്താവിന്റെ പേര് നീക്കം ചെയ്യുന്നതിൽ പിന്നെയും കാലതാമസം നേരിടുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സാമൂഹ്യ സുരക്ഷാപെൻഷൻ തരം | മരണം നടന്ന തിയതി | മരണസർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ | ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| ഐശു കുഴപ്പിള്ളി | വിധവാ പെൻഷൻ | 7-11-20 | എറിയാട് പഞ്ചായത്ത്,21-12-20 | 10/21 |
| കൗസല്യാ മനക്കാട്ടുപടി | കർഷകതൊഴിലാളി പെൻഷൻ | 5-1-20 | എറിയാട് പഞ്ചായത്ത്,4-11-20 | 8/21 |
| നബീസ പള്ളിപ്പറമ്പിൽ | വിധവാ പെൻഷൻ | 22-9-20 | എറിയാട് പഞ്ചായത്ത്,12-10-20 | 8/21 |
| അബ്ദു പണിക്കശ്ശേരി | വാർദ്ധക്യകാലപെൻഷൻ | 29-1-21 | എറിയാട് പഞ്ചായത്ത്,31-3-21 | 8/21 |
| കദീജ മാനങ്കേരി | വിധവാ പെൻഷൻ | 18-9-20 | 12-10-20 | 8/21 |

ധനകാര്യ വകുപ്പിന്റെ, 23-9-20ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ധനകാര്യവകുപ്പിന്റെ 5-11-20ലെ സർക്കുലർ നം.67/2020/ധന പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്.

മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഉത്സവ ബത്ത തിരികെ ഈടാക്കിയിട്ടില്ല.

വൗച്ചർ നമ്പർ 22100494/18.8.21 പ്രകാരം ഉത്സവ ബത്ത കൈപ്പറ്റിയ ശ്രീ.താജു.പി.എ സെക്രട്ടറി 6000രൂ തിരികെ അടവാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-23 ഇലക്ട്രിക്കൽ വർക്കിന് എസ്റ്റിമേറ്റ് പ്രിപ്പറേഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയ്ക്ക്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ സെക് ഷൻ അസി.എക്സിക്യൂട്ടീവ്.എഞ്ചിനീയറാണ്. ആയതിന്, എസ്റ്റിമേറ്റ് തുകയുടെ 2.76% നിരക്കിൽ എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ് നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ലെ, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളിൽ ജി എസ് ടി അടക്കമുള്ള എസ്റ്റിമേറ്റ് തുകയുടെ 2.76% ആണ് എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ് ആണ് ആയി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| പദ്ധതി നം, പേര് | 12%ജി എസ് ടി അടക്കമുള്ള എസ്റ്റിമേറ്റ് തുക | ജി എസ് ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ്- നൽകാവുന്നത് | എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ്- നൽകിയത് | അധികം നൽകിത് | തുക നൽകിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 338/21 കുടുംബശ്രീ ക്യാന്റീൻ ഇലക്ട്രിഫിക്കേഷൻ | 150000 | 134497 | 3712 | 4140 | 428 | 22001191,dt.18-2-21 |
| 113/22എം സി എഫ് ഇലക്ട്രിഫിക്കേഷൻ | 197600 | 176436 | 4870 | 5454 | 584 | 22101027,dt.20-12-21 |
| | | | | | 1012 | |

അധിക തുക നൽകിയത് ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 25/തീ.13.12.2022)

## 1-24 വീട് വാസയോഗ്യമാക്കൽ-പണി പൂർത്തിയാക്കി വാല്യുവേഷൻ സമർപ്പിക്കേണ്ടതാണ്

വി ഇ ഒ മാടവന നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.90/22, വീട് വാസയോഗ്യമാക്കൽ (എസ് സി) എന്നതിൽ, 2-ാം വാർഡിലെ അംബിക, ഏപ്പിള്ളി എന്നവർക്ക്, വീട് അറ്റകുറ്റപ്പണിയ്ക്കായി, 37500/രൂപാ, ബിൽ നം-11/21-22 /dt.13-10-21 പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇവർ നാളിതുവരെ പണി പൂർത്തിയാക്കിയി വാല്യുവേഷൻ ഹാജരാക്കിയിട്ടില്ല. പണിപൂർത്തിയാക്കി വാല്യുവേഷൻ ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരിച്ചടക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 17/തീ.12.12.2022)

## 1-25 പദ്ധതി നം-277/22, ഘടകസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ഈ പദ്ധതിയിൽ, വെറ്ററിനറി ഹോസ്പിറ്റൽ, ജി യു പി എസ് അഴീക്കോട് എന്നിവിടങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി, അനർട്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം, വൗച്ചർ നം.22101747, Dt.26-3-22 പ്രകാരം, 495000/രൂപാ അനർട്ടിന് കൈമാറിയിട്ടുണ്ട്. അനർട്ടുമായിട്ടുള്ള കരാർ നം.A5-2021-22(8), Dt.25-4-22 പ്രകാരം, തുക നിക്ഷേപിച്ച് കുറഞ്ഞത് ആറ് മാസത്തിനുള്ളിൽ അനർട്ട് പദ്ധതി പൂർത്തീകരിച്ച് നൽകുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതി പൂർത്തിയാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അനർട്ട് വർക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും, വർക്ക് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. പണി പൂർത്തിയാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 16/തീ.12.12.2022)

## 1-26 സുഭിക്ഷ കേരളം-പച്ചക്കറി കൃഷി വികസന പദ്ധതി-893540/-തടസ്സപ്പെടുത്തുന്നു

നി.ഉ.-കൃഷി ഓഫീസർ
പദ്ധതി നമ്പർ : S0063/22

ചെലവ് 1181225 /-രൂപ

ഫണ്ട് : വികസനഫണ്ട് (ജനറൽ)

വൗച്ചർ നം.1.22101534/12.01.2022 315900/-

2.22101605/25.02.2022 50000/-

3.22101606/25.02.2022 386640/-

4.22101607/25.02.2022 10500/-

5. 22101608/25.02.2022 70500/-

6. 22101727/17.03.2022 60000/-

893540

ഈ പദ്ധതിയിൽ പച്ചക്കറി കൃഷി വികസനത്തിനായി വിത്ത് ജൈവവളം, ചെടിച്ചട്ടി എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കൃഷി ചെയ്യുന്ന പച്ചക്കറിയുടെ വിവരങ്ങളോ ചെലവ് വിശദാംശങ്ങളോ അപേക്ഷയിൽ രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപേക്ഷകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ മുകളിൽ പറഞ്ഞ ഇനങ്ങൾ നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി അവലോകനം നടത്തി റിപ്പോർട്ട്, മുകളിൽ പറഞ്ഞ അപാകതക്ക് മറുപടി എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.02/07.12.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 893540/-തടസ്സപ്പെടുത്തുന്നു.

## 1-27 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ)നടപ്പാക്കിയ പ്രോജക്ടുകൾ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. 275/22 – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കല് : 1,00,000/-
ചെലവ് : 1,00,000/-

വൗച്ചർ നം. 22101633/ തീ 09.03.2022 – 1,00,000/-

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 1,00,000/- രൂപയ്ക്ക് ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.03/08.12.2022)

## 1-28 തൊഴിലുറപ്പ് പദ്ധതി-ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകി.

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫില്ലിംഗ് വിത്ത് ക്വാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനം പ്രവൃത്തിക്ക് ച.മീറ്ററിന് 1514.015 രൂപ നിരക്കാണ് നൽകി കാണുന്നത്. എന്നാൽ പി.ഡബ്ലിയു.ഡി മാന്വൽ 2013 ഖണ്ഡിക 51.2.3 പ്രകാരം മേൽ പ്രവൃത്തിക്ക് DSR നിരക്ക് പ്രകാരം അനുവദിക്കാവുന്ന നിരക്ക് ച.മീറ്ററിന് 928.23 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ ഇതേയിനം പ്രവൃത്തിക്ക് 928.23 രൂപ നൽകുമ്പോൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. 2021-22 ൽ നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളിലും ഇപ്രകാരം അധികമായി തുക ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അളവ് പുസ്തക നം. | ചെയ്ത അളവ് (ച.മീറ്റർ) | നൽകിയ തുക(@1514.015) | നൽകാവുന്ന തുക( 928.23) | അധികം നൽകിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മൈത്രി ലിങ്ക് ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് - 13 | 167/21-22 | 27.675m3 | 41900 | 25689 | 16211 |
| 2 | കൊട്ടിക്കൽ പാലം ലിങ്ക് ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് - 12 | 155/21-22 | 44.325m3 | 67109 | 41144 | 25965 |
| 3 | അബ്ദുള്ള ബസാർ ബഹ്റൈൻ ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് -20 | 172/21-22 | 58.50m3 | 88570 | 54301 | 34269 |
| 4 | പി.എസ്.എൻ കവല നിസാർ പരിസരം ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് -6 | 126/21-22 | 42.075m3 | 63702 | 39055 | 24647 |
| 5 | 33-ാം നമ്പർ അങ്കൺവാടി ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് -9 | 156/21-22 | 14.235m3 | 21552 | 13213 | 8339 |
| 6 | കണ്ണേരച്ചാൽ ശ്രീമുരുക ക്ഷേത്രം പരിസരം ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് -19 | 132/21-22 | 57.60m3 | 87207 | 53466 | 33741 |
| 7 | സ്നേഹതീരം ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് -22 | 135/21-22 | 31.50m3 | 47691 | 29239 | 18452 |
| 8 | രാഗം ഗ്രാമീണ റോഡ് നിർമ്മാണം | 136/21-22 | 20.70m3 | 31340 | 19214 | 12126 |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡ് -23 | | | | | |
| 9 | പുത്തൻ പള്ളി ജംഗ്ഷൻ പരിസരം ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് -14 | 123/21-22 | 54.90m3 | 83119 | 50960 | 32159 |
| 10 | കറുപ്പക്കുട്ടി പരിസരം ഗ്രാമീണ റോഡ് നിർമ്മാണം വാർഡ് -16 | 168/21-22 | 32.361m3 | 48995 | 30038 | 18957 |

ഇപ്രകാരം കൂടിയ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നത് മൂലം അധിക ബാദ്ധ്യത പഞ്ചായത്തിന് സംഭവിക്കുന്നു. ആയതിനാൽ മേൽ നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ചുള്ള ക്രിയാത്മകമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/12.12.2022)

## 1-29 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ല്യുഡി മാനുവൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കുവാൻ താൽപര്യപ്പെടുന്നു.

ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 07 /09.12.2022)

## 1-30 വിവിധ പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് അസി.എഞ്ചിനീയർ ലേലനടപടിക്ക് ശുപാർശ ചെയ്തു-ലേലം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തുകളിലെ വിവിധ പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് ലേലം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ മൂല്യനിർണയം നടത്തി സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് (തീയ്യതി ചേർത്തിട്ടില്ല). വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ലേലം ചെയ്യാവുന്നമണ്ണിന്റെ അളവ് | അസി.എഞ്ചിനീയർ നിശ്ചയിച്ച നിരക്ക് | മണ്ണിന്റെ വില |
|---|---|---|---|---|
| 1 | ജലരക്ഷ-ജീവരക്ഷ ജലാശയങ്ങളുടെ പുനരുജ്ജീവനം (200/22) | 7404m3 | 40/m3 | 296160 |

ടി മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ മണ്ണ് ലേലം ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുമായിരുന്ന മണ്ണ് ലേലം നടത്താത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/12.12.22) മറുപടി ലഭിച്ചില്ല.

## 1-31 പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ. നം. | പദ്ധതി നമ്പർ /പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവർത്തി മൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | ചെക്ക് നം/ തുക |
|---|---|---|---|---|---|---|
| 1. | ജലരക്ഷ-ജീവരക്ഷ | 485/20-21 | 1322503/- | 66125/- | 1388628/- | 5233901/29.11.2021,483840/-<br>5233902/15.12.21, 695524/- |

| | | | | | | |
|---|---|---|---|---|---|---|
| | ജലാശയങ്ങളുടെ പുനരുജ്ജീവനം (200/22) | | | | 202/03.12.21, 209264/-(bill No.) |

മേൽ പ്രകാരം 66125/-രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയതായി കാണുന്നു. പദ്ധതിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായ രീതിയിൽ കരാറുകാരന്റെ കൈവശവും തുടർന്ന് സർക്കാരിന്റെ കൈവശവും വന്നുചേരുന്നത്. ഈ അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 11 /12.12.2022 )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ProjectName | ProjNo | ചെലവ് | Balance |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022 | 5000000 | ലൈഫ് പദ്ധതി | 91 | 0 | 5000000 |
| | | 4000000 | ലൈഫ് പദ്ധതി | 152 | 0 | 4000000 |
| | | 1320000 | ലൈഫ് പദ്ധതി ജനറൽ | 153 | 1320000 | 0 |
| | | 1000000 | ലൈഫ് -പട്ടിക ജാതി ഭവനനിർമ്മാണം | 94 | 425000 | 575000 |
| | | 500000 | അങ്കണവാടി പോഷകാഹാരം | 49 | 130026 | 369974 |
| | | 500000 | മഞ്ഞളിപ്പള്ളി മരപ്പാലം റോഡ് റീടാറിംഗ് ടൈൽ പേവിംഗ് | 187 | 468320 | 31680 |
| | | 400000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 48 | 400000 | 0 |
| | | 375000 | കോവിഡ് പ്രതിരോധം-എറിയാട് ഗ്രാമ പഞ്ചായത്ത് ഡൊമിസിലിയറി കെയർ സെൻറർ സ്ഥാപിക്കലും പരിപാലിക്കലും | 111 | 186670 | 188330 |

| | | | | | | |
|---|---|---|---|---|---|---|
| | | 300000 | ആശ്രയ | 214 | 0 | 300000 |
| | | 200000 | ഗ്രാൻമ ലെയിൻ റോഡ് ഫോർമേഷൻ | 169 | 200000 | 0 |
| | | 200000 | ഭിന്നശേഷിക്കാർക്ക് മുചക്ര വാഹനം | 234 | 0 | 200000 |
| | | 192444 | ജനറൽ വീട് ലൈഫ് പദ്ധതി | 151 | 0 | 192444 |
| | | 100000 | ആശ്രയ | 19 | 0 | 100000 |
| | | 100000 | പാലിന് സബ്സിഡി | 62 | 50000 | 50000 |
| | | 100000 | ജലരക്ഷ -ജീവരക്ഷ ജലാശയങ്ങളുടെ പുനർജ്ജീവനം | 76 | 0 | 100000 |
| | | 100000 | സാന്ത്വന പരിചരണ പദ്ധതി | 92 | 99992 | 8 |
| | | 100000 | ജലരക്ഷ -ജീവരക്ഷ ജലാശയങ്ങളുടെ പുനർജ്ജീവനം | 200 | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022 | 2400000 | ലൈഫ് -പട്ടിക ജാതി ഭവനനിർമ്മാണം | 94 | 1480000 | 920000 |
| | | 2379486 | ലൈഫ് പദ്ധതി | 152 | 0 | 2379486 |
| | | 2000000 | ലൈഫ് പദ്ധതി | 91 | 1849099 | 150901 |
| | | 1500000 | അങ്കണവാടി നമ്പർ38 വാർഡ് 14 നിർമ്മാണം | 228 | 469791 | 1030209 |
| | | 1200000 | ജലരക്ഷ -ജീവരക്ഷ ജലാശയങ്ങളുടെ പുനർജ്ജീവനം | 200 | 1179364 | 20636 |
| | | 1000000 | ലൈഫ് പദ്ധതി ജനറൽ | 153 | 1000000 | 0 |
| | | 600000 | ഡിസ്പെൻസറി റോഡ് കാന നിർമ്മാണം വാർഡ് 8 | 123 | 0 | 600000 |
| | | 600000 | തലാശ്ശേരി സുന്ദരൻ പരിസരം കൽവർട്ട് വാർഡ് 22 | 142 | 0 | 600000 |
| | | 500000 | അങ്കണവാടി പോഷകാഹാരം | 49 | 200000 | 300000 |
| | | 400000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 48 | 100000 | 300000 |
| | | 400000 | ചേരമാൻ തിരുവള്ളൂർ റോഡ് റീ ടാറിങ് | 102 | 400000 | 0 |
| | | 400000 | അബ്ദുള്ള എടവിലങ്ങ് ലിങ്ക് റോഡ് റീടാറിംഗ് വാർഡ് 34 | 222 | 400000 | 0 |
| | | 300000 | നൌഷാദ് റോഡ് സോളിങ്ങ് മെറ്റലിംഗ് ടാറിംഗ് വാർഡ് 19 | 139 | 0 | 300000 |
| | | 215158 | മഞ്ഞളിപ്പള്ളി മരപ്പാലം | 187 | 215158 | 0 |

| | | | | | |
|---|---|---|---|---|---|
| | | റോഡ് റീടാറിംഗ് ടൈൽ പേവിംഗ് | | | |
| | 201700 | ആശ്രയ | 214 | 79800 | 121900 |
| | 200000 | സാന്ത്വന പരിചരണ പദ്ധതി | 92 | 200000 | 0 |
| | 200000 | വികെ ഗോപാലൻ റോഡ് കൽവെർട്ട് ആൻറ് ഫോര്മേഷൻ | 226 | 200000 | 0 |
| | 100000 | ആശ്രയ | 19 | 0 | 100000 |
| | 50000 | പാലിന് സബ്സിഡി | 62 | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈന് എക്സ്റ്റൻഷൻ പ്രോജക്ട് നമ്പർ 121 | 22101123 | 900000 | 0 | 900000 |
| | പൈപ്പ് ലൈന് എക്സ്റ്റൻഷൻ പ്രോജക്ട് നമ്പർ 122 | 22101238 | 40000 | 0 | 40000 |
| കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നമ്പർ 216 – ഷിഫ്റ്റിംഗ് ഓഫ് പോസ്റ്റ് ഇൻ 5, 6 | 22100454 | 20861 | 0 | 20861 |
| | പ്രോജക്ട് നമ്പർ 260- സ്ട്രീറ്റ് ലൈൻ മീറ്ററിങ്ങ് | 42100365 | 58984 | 0 | 58984 |
| | പ്രോജക്ട് നമ്പർ 250/22കെ എസ് ഇ ബി മീറ്ററിംഗ് | 22101649 | 131598 | 131598 | 0 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 101/22ജലജീവൻമിഷൻ പഞ്ചായത്ത് വിഹിതം അടവാക്കൽ | | 1000185 | 0 | 1000185 |
| അനർട്ട് | പ്രോജക്ട് നമ്പർ277/22ഘടകസ്ഥാപനങ്ങളിൽ സൗരോർജ്ജ് പ്ലാന്റ് സ്ഥാപിക്കൽ | 22101747 | 495000 | 0 | 495000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7327424 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 457964(പലിശ) | |
| 3 | ആകെ | 7785388 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7785388 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | TDCB ERIYAD Branch | 7785388 |

## 4-5 വായ്പ/വായ്പാതിരിച്ചടവ്

വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Mission Loan From KURDFC | G.O(MS)68/2018 Dt. 18.05.2018, GO (Mso 100/2018 Dt. 30.07.2018, GO(MS)110/2018 Dt. 13.08.2018, 34/2018 LSGD Dt. 16.03.2018 | 20989137 (2018-19) | 29231942 | 6070901 | | 23161041 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| തുക ഈടാക്കിയിട്ടില്ല | | | | | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| തുക ഈടാക്കിയിട്ടില്ല | | | | | | | | | | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-3 | വസ്തു നികുതി | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | 2-3 | 2016-17 | 2-2 | തൊഴിൽ നികുതി | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014-15 | 2014-15 | 4-2-6 | മണൽ വിൽപനയിൽ നിന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചെലവ് | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014-15 | 2014-15 | 4-2-8 | റിവർ മാനേജ്മെന്റ് ഫണ്ടിൽ ഒടുക്കിയത് കുറവ് | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |
| 2012-13 | അവലോകനം 2014-15 | | 4-2-14 | കടവ് കമ്മിറ്റികൾ സജീവമല്ല | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 175552273.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 174922498.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 893540 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല .

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 893540 | ശ്രീമതി.അഞ്ജു പി ബി ,കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 893540 | അഞ്ജു പി.ബി, പാറാട്ടുപറമ്പിൽ ഹൗസ്, പുല്ലൂറ്റ് പി.ഒ, ചാപ്പാറ, കൊടുങ്ങല്ലൂർ – 680663 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷി-ക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT8-42/99, Dt.13/5/99 | 4 | 28B, 29, 30, 31 | |
| 2 | 1998-99 (ചെലവ്) | LFT8-861/00 Dt.24/10/00 | 8 | 27, 28, 29, 30, 31, 32, 33, 34 | 34 CAR |
| 3 | 2002-03 | LFT16-1220/08 Dt.5/9/09 | 1 | 3-8 | |
| 4 | 2003-04 | LFT16-1221/08 Dt.5/9/09 | 1 | 3-11 | |
| 5 | 2004-05 | LFT16-265/09 Dt.4.5.10/20.7.10 | 2 | 3-1, 3-2 | |
| 6 | 2005-06 | LFT16-1310/09 Dt.7.1.11/6.5.11 | 5 | 3-3, 3-5, 3-13 (1,2), 3-15, 3-16 (A,b) | |
| 7 | 2006-07 | LFT16-1320/09 Dt.12.1.11/11.4.11 | 7 | 3-1, 3-4 (A,b,c), 3-5, 3-10, 3-12, 3-8, 3-9 | 3-8 സർക്കാർ സാധൂകരണം |
| 8 | 2007-08 | LFT16-1414/10 Dt.1.3.11 | 1 | 3-11 | |
| 9 | 2008-09 | LFT16-1415/10 Dt.14.3.11 | 5 | 2-1, 3-11, 3-12, 3-18, 3-19 | 3-11, 3-12, 3-18 |

| | | | | | |
|---|---|---|---|---|---|
| | | | | | സർക്കാർ സാധൂകരണം |
| 10 | 2009-10 | LFT-P3-1092/12 Dt.5.10.12/6.3.13 | 3 | 3-3, 3-5, 3-12 (5,6) | 3-3, 3-5 സർക്കാർ സാധൂകരണം |
| 11 | 2010-11 | LFTP3-1093/12 Dt.5.10.12/6.3.13 | 3 | 3-7, 3-14(SSA), 3-18 | 3-7 സർക്കാർ സാധൂകരണം |
| 12 | 2011-12 | LFT-P3-1107/13 Dt.12.2.14/15.3.14 | 1 | 3-6 (A) SSA | |
| 13 | 2012-13 | LFT-P3-1418/14 Dt.9.1.15/6.2.15 | 1 | 3-18 | 3-18 CAR |
| 14 | 2013-14 | KSA-TSR-P3-1302/15 Dt.31.10.15 | 4 | 3-3 (1), 3-4 (1,2,3,4), 3-8, 3-13(a,b) | 3-8, 3-13(a,b) സർക്കാർ സാധൂകരണം |
| 15 | 2014-15 | KSA-TSR-P3-1326/15 Dt.16.11.15 | 3 | 2-2, 2-3, 2-5 | 2-2, 2-3 CAR |
| 16 | 2015-16 | KSA-TSR-P3-1885/16 Dt.25.10.16/1.12.16 | 1 | 3-15 | |
| 17 | 2016-17 | KSA-TSR-P3-1298/17 Dt.7.8.17/26.9.17 | 7 | 2-5, 3-3, 3-9, 2-6, 2-7, 2-8, 2-9 | |
| 18 | 2017-18 | KSA-TSR-P3-26/2019 Dt.25.3.19 | 9 | 2-4(4), 2-5(3), 3-2, 3-3, 3-4, 3-5(2), 3-5 (3), 3-6, 3-8, 3-18 | |
| 19 | 2018-19 | KSA-TSR-P3-197/2020 Dt.23.4.20 | 7 | 1-14(1), 1-18, 1-27, 1-29(1), 1-32, 1-33(1), 1-30 | |
| 20 | 2019-20 | KSA-TSR(P3)-30/22 Dt.18.05.2022 | 41 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-49, 1-50, 1-51 | |
| 21 | 2020-21 | KSA-TSR(P3)-31/2022 Dt.18.05.2022 | 51 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, 1-58, 1-59, 1-60 | |
| | ആകെ | | 165 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്